(ബി) Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(സി) നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം സംസ്ഥാനതല സമിതി അനുമതി നൽകിയ വിലയ്ക്ക് ഭൂമി കൈമാറാൻ പൂത്തൂർ വില്ലേജിലെ സ്ഥലമുടമകൾ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്.

താലൂക്ക് ഓഫീസ് കെട്ടിടം

97(1162) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയിൽ റീഫ്രാക്ടറീസ് വക വ്യവസായ വകുപ്പ് മുനിസിപ്പാലിറ്റിക്കു കൈമാറിയ സ്ഥലത്ത് താലൂക്ക് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസിന് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചു വെങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) & (സി) വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

പയ്യന്നൂർ താലൂക്ക് അനുവദിക്കാൻ നടപടി

98(1163) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി പയ്യന്നൂർ താലൂക്ക് അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly